സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ


# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ


പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂലൈ 18 ചൊവ്വ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



# ജനകീയന് വിട...

**മുൻമുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഉമ്മൻചാണ്ടി (79) അന്തരിച്ചു. ക്യാൻസർ ബാധിതനായിരുന്നു. ബെംഗളൂരുവിൽ ചിന്മയ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. പുലർച്ചെ നാലരയോടെയാണ് മരണം സ്ഥിരീകരിച്ചത്. തൊണ്ടയിലാണ് ക്യാൻസർ ബാധിച്ചത്. സംസ്ഥാന സർക്കാറിന്റെ നിർദേശ പ്രകാരം വിദഗ്ധ ഡോക്ടർ സംഘമായിരുന്നു ചികിത്സിച്ചത്. അഞ്ച് പതിറ്റാണ്ടായി പുതുപ്പള്ളിയിലെ എം.എൽ.എ ആയിരുന്നു. രാഹുൽ ഗാന്ധി, സോണിയാ ഗാന്ധി തുടങ്ങിയ ഉന്നത കോൺഗ്രസ് നേതാക്കൾ ഉടൻ എത്തും. പ്രതിപക്ഷ യോഗം നടക്കുന്നതിനാൽ രാജ്യത്തെ പ്രധാന കോൺഗ്രസ് നേതാക്കൾ ബെംഗളൂരുവിലുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിലെ കനത്ത തോൽവിയെ തുടർന്ന് എ.കെ ആന്റണി രാജിവെച്ചതിനെ തുടർന്നാണ് ഉമ്മൻചാണ്ടി 2004-ൽ മുഖ്യമന്ത്രിയാകുന്നത്. 2006 വരെ മുഖ്യമന്ത്രിയായി. തുടർന്ന് അഞ്ച് വർഷം പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചു. പിന്നീട് 2011ൽ വീണ്ടും മുഖ്യമന്ത്രിയായി തിരിച്ചെത്തി. 1981 ഡിസംബർ മുതൽ 1982 മാർച്ച് വരെ കെ. കരുണാകരൻ മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായും 1991-ൽ കെ കരുണാകരൻ മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായും പ്രവർത്തിച്ചു. 1982 നിയമസഭാകക്ഷി ഉപനേതാവ്. 1982-86 കാലത്ത് യു.ഡി.എഫ് കൺവീനർ എന്നീ നിലകളിലും പ്രവർത്തിച്ചു.**

## ഇന്ന് വൈകുന്നേരം പാളയം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ പൊതുദർശനം
## ബുധനാഴ്ച പുലർച്ചെയോടെ വിലാപയാത്രയായി കോട്ടയത്തേക്ക് പുറപ്പെടും

### ഉമ്മൻ ചാണ്ടിയുടെ വിയോഗം: നഷ്ടമായത് എളിമയും അർപ്പണബോധമുള്ള നേതാവിനെ പ്രധാനമന്ത്രി

ഉമ്മൻ ചാണ്ടിയുടെ വിയോഗത്തിലൂടെ എളിമയും അർപ്പണബോധമുള്ള നേതാവിനെയാണ് നമുക്ക് നഷ്ടമായതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വീറ്റ് ചെയ്തു. കേരളത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുകയും പൊതുസേവനത്തിനായി ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്ത നേതാവാണ് അദ്ദേഹം. അദ്ദേഹവുമായുള്ള തന്റെ വിവിധ ആശയവിനിമയങ്ങൾ പ്രത്യേകം ഓർക്കുന്നെന്നും ദുഃഖത്തിന്റെ ഈ വേളയിൽ തന്റെ ചിന്തകൾ അദ്ദേഹത്തിന്റെ കുടുംബത്തോടും അനുയായികളോടുമൊപ്പമാണെന്നും പ്രധാനമന്ത്രി ട്വീറ്റ് ചെയ്തു.

### അവസാനിക്കുന്നത് കേരള രാഷ്ട്രീയത്തിലെ സുപ്രധാന ഏടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

തിരുവനന്തപുരം: അന്തരിച്ച മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഉമ്മൻ ചാണ്ടിയെക്കുറിച്ചുള്ള ഓർമകൾ പങ്കിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. ഈ വേർപാടോടെ അവസാനിക്കുന്നത് കേരള രാഷ്ട്രീയത്തിലെ ഒരു സുപ്രധാന ഏടാണ്. ഉമ്മൻചാണ്ടി അവശേഷിപ്പിച്ചു പോകുന്ന സവിശേഷതകൾ പലതും കേരളരാഷ്ട്രീയത്തിൽ കാലത്തെ അതിജീവിച്ചു നിലനിൽക്കും. ഒരേ മണ്ഡലത്തിൽ നിന്നുതന്നെ ആവർത്തിച്ച് തെരഞ്ഞെടുക്കപ്പെട്ടു സഭയിലെത്തുക. അങ്ങനെ നിയമസഭാ ജീവിതത്തിൽ അഞ്ച് പതിറ്റാണ്ടിലേറെ പൂർത്തിയാക്കുക. ഇതൊക്കെ ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ അത്യപൂർവം പേർക്കു മാത്രം സാധ്യമായിട്ടുള്ള കാര്യങ്ങളാണെന്നും മുഖ്യമന്ത്രി കുറിച്ചു.

### സംസ്ഥാനത്ത് രണ്ടു ദിവസം ദുഃഖാചരണം, ഇന്ന് പൊതുഅവധി

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രിയും കോൺഗ്രസ്സിന്റെ മുതിർന്ന നേതാവുമായ ഉമ്മൻചാണ്ടിയുടെ നിര്യാണത്തിൽ അനുശോചിച്ച് സംസ്ഥാനത്ത് രണ്ട് ദിവസം ദുഃഖാചരണവും ഇന്ന് പൊതുഅവധിയും പ്രഖ്യാപിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫിസുകൾക്കും ബാങ്കുകൾക്കും അവധി ബാധകമാണ്. അതേസമയം, ഇന്ന് നടത്താൻ നിശ്ചയിച്ച പി.എസ്.സി പരീക്ഷകൾക്ക് മാറ്റമില്ല. ഇന്ന് നടക്കേണ്ടിയിരുന്ന സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു.

സംസ്ഥാനത്ത് ഇന്ന് പൊതു അവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ മഹാത്മാ ഗാന്ധി സർവ്വകലാശാല ഇന്നു നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി വൈസ് ചാൻസലർ അറിയിച്ചു.

പുതിയ തീയതി പിന്നീട് അറിയിക്കും. സാങ്കേതിക സർവകലാശാല ഇന്ന് നടത്താനിരുന്ന പരീക്ഷകളും മാറ്റി.

### സംസ്കാരം വ്യാഴാഴ്ച പുതുപ്പള്ളിയിൽ

തിരുവനന്തപുരം: ചികിത്സയിലിരിക്കെ അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഭൗതികശരീരം ഉച്ചയോട് കൂടി പ്രത്യേക വിമാനത്തിൽ തിരുവനന്തപുരത്ത് എത്തിക്കും. പൊതുദർശനത്തിന് ശേഷം വ്യാഴാഴ്ച ഉച്ചയോടെ പുതുപ്പള്ളിയിൽ സംസ്കരിക്കും. കുടുംബവുമായുള്ള കൂടിയാലോചനകൾക്ക് ശേഷം കോൺഗ്രസ് നേതൃത്വമാണ് ഇക്കാര്യം അറിയിച്ചത്.

ബംഗളുരുവിൽ നിന്നും പ്രത്യേക വിമാനത്തിൽ ഉച്ചയോട് കൂടി തിരുവനന്തപുരത്ത് എത്തിച്ചേരും. അവിടെ നിന്ന് തിരുവനന്തപുരത്തെ വസതിയിലേക്ക് കൊണ്ടുവരും.

പിന്നീട് സെക്രട്ടേറിയറ്റിലെ ദർബാർഹാളിൽ പൊതുദർശനത്തിന് വയ്ക്കും. ഇന്ന് വൈകുന്നേരം ഭൗതികശരീരം പാളയത്ത് അദ്ദേഹം ആരാധനയ്ക്ക് പോയിരുന്ന ദേവാലയമായ സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ പൊതുദർശനത്തിന് വയ്ക്കും.

തിരികെ ഇന്ദിരാഭവനിൽ കൊണ്ടുവന്ന് പൊതുജനങ്ങൾക്ക് കാണുന്നതിനായി സൗകര്യമൊരുക്കും. അവിടെ നിന്നും രാത്രിയോടെ പുതുപ്പള്ളി ഹൗസിലേക്ക് തന്നെ ഭൗതികശരീരം എത്തിക്കും. ബുധനാഴ്ച പുലർച്ചെയോടെ വിലാപയാത്രയായി കോട്ടയത്തേക്ക് പുറപ്പെടും. കോട്ടയത്ത് തിരുനക്കര മൈതാനത്ത് പൊതുദർശനത്തിന് ശേഷം പുതുപ്പള്ളിയിലേക്ക് കൊണ്ടുപോകും. തുടർന്ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ട് മണിയോടെ പുതുപ്പള്ളിയിൽ സംസ്കരിക്കും.

അർബുദത്തിന് ചികിത്സയിലിരിക്കെ ബെംഗളൂരുവിലെ ആശുപത്രിയിൽ പുലർച്ചെ 4.25നായിരുന്നു ഉമ്മൻ ചാണ്ടിയുടെ അന്ത്യം. അദ്ദേഹത്തിന്റെ മകൻ ചാണ്ടി ഉമ്മനാണ് മരണ വാർത്ത അറിയിച്ചത്.

## സ്വർണവ്യാപാരിയെ ആക്രമിച്ച് പണം തട്ടിയ കേസിൽ അർജുൻ ആയങ്കി പിടിയിൽ



പാലക്കാട് സ്വർണ വ്യാപാരിയെ ആക്രമിച്ച് പണം തട്ടിയ കേസിൽ അർജുൻ ആയങ്കി പിടിയിൽ.

പുനെയിൽ നിന്ന് മീനാക്ഷിപുരം പൊലീസാണ് അർജുനെ പിടികൂടിയത്. മീനാക്ഷിപുരത്ത് സ്വർണവ്യാപാരിയെ ആക്രമിച്ച് 75 പവൻ സ്വർണം കവർന്ന കേസിലാണ് അറസ്റ്റ്.

കേസിൽ നേരത്തെ സിപിഐഎം നേതാക്കൾ ഉൾപ്പെടെ പതിനൊന്നു പേരെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

എഴുപത്തി അഞ്ച് പവൻ സ്വർണം, ഇരുപത്തി മൂവായിരം രൂപ, മൊബൈൽ ഫോൺ എന്നിവയാണ് വ്യാപാരിയിൽ നിന്ന് കവർച്ചചെയ്യപ്പെട്ടത്. കവർച്ചയ്ക്ക് ശേഷം സംഘം സ്വർണം വീതം വെച്ച് വ്യത്യസ്ത വഴികളിലൂടെ രക്ഷപ്പെടുകയും ചെയ്തിരുന്നു.

## സി.ബി.ഐ ആവശ്യപ്പെട്ടു; ലാവ്‌ലിൻ കേസ് വീണ്ടും മാറ്റി; സെപ്തംബർ 12 ന് പരിഗണിക്കും

എസ്.എൻ.സി ലാവ് ലിൻ കേസ് സുപ്രിംകോടതി വീണ്ടും മാറ്റിവെച്ചു. ഇനി സെപ്തംബർ 12 ന് പരിഗണിക്കും.

ഹരജികൾ ഇന്ന് പരിഗണനയ്ക്കെടുത്തപ്പോൾ കേന്ദ്രത്തിനും സി.ബി.ഐയ്ക്കും വേണ്ടി ഹാജരാകുന്ന അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി രാജുവിന്റെ ജൂനിയർ അഭിഭാഷക അടുത്ത ചൊവ്വാഴ്ചത്തേക്ക് ഹരജി പരിഗണിക്കുന്നത് മാറ്റിവെക്കണം എന്നാവശ്യപ്പെട്ടു. ഭരണഘടനാ ബെഞ്ചിന് മുമ്പാകെ എസ്.വി രാജു ഹാജരാകുന്നുവെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് ഈ ആവശ്യം അഭിഭാഷക ഉന്നയിച്ചത്.




അതുകൊണ്ട് ഹരജി അടുത്ത ചൊവാഴ്ച്ച പരിഗണിക്കാനായി മാറ്റണമെന്ന് സിബിഐ സുപ്രിം കോടതിയിൽ ആവശ്യപ്പെട്ടു. എന്നാൽ ചൊവ്വാഴ്ച്ച കേസ് പരിഗണിച്ചാൽ ഹാജരാകുന്നതിൽ അസൌകര്യമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ഹരീഷ് സാൽവെ കോടതിയെ അറിയിച്ചു. ഹരജികൾ പരിഗണിക്കുന്നത് സെപ്റ്റംബറിലേക്ക് മാറ്റണമെന്ന് സാൽവെ ആവശ്യം ഉന്നയിച്ചു. തുടർന്നാണ് കേസ് സെപ്റ്റംബറിലേക്ക് മാറ്റിയത്.

ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ദീപാങ്കർ ദത്ത എന്നിവരടങ്ങിയ പുതിയ ബെഞ്ചാണ് ഇന്ന് കേസ് പരിഗണിച്ചത്. കഴിഞ്ഞ ആറ് വർഷത്തിനിടെ നാല് ബെഞ്ചുകളാണ് മാറി മാറി കേസ് പരിഗണിച്ചത്. ഇക്കാലയളവിൽ കോടതി മുൻപാകെ 33 തവണ കേസ് ലിസ്റ്റ് ചെയ്തിട്ടും കാര്യമായ നടപടിയുണ്ടായിട്ടില്ല.

ഏറ്റവും ഒടുവിലായി മലയാളി കൂടിയായ ജസ്റ്റിസ് സി.ടി രവികുമാർ പിന്മാറിയതോടെയാണ് കേസ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ദീപാങ്കർ ദത്ത എന്നിവരടങ്ങിയ പുതിയ ബെഞ്ചിലേക്ക് എത്തിയത്. ഹൈക്കോടതിയിൽ ഇതേ കേസിൽ വാദം കേട്ടിട്ടുണ്ടെന്നു ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് സി.ടി രവികുമാർ പിന്മാറിയത്.

മുഖ്യമന്ത്രി പിണറായി വിജയൻ, ഊർജ വകുപ്പു സെക്രട്ടറി കെ മോഹനചന്ദ്രൻ, ജോയിന്റ് സെക്രട്ടറി എ ഫ്രാൻസിസ് എന്നിവരെ കുറ്റവിമുക്തരാക്കിയ 2017ലെ ഹൈക്കോടതി വിധിക്കെതിരെയാണ് നിലവിൽ സുപ്രിം കോടതിയിൽ ഹരജിയുള്ളത്.

## എടവണ്ണയിലെ സദാചാര ആക്രമണം; സി.പി.എം ലോക്കൽ സെക്രട്ടറി ഉൾപ്പെടെ അഞ്ച് പേർ അറസ്റ്റിൽ

മലപ്പുറം: സദാചാര പൊലിസ് ചമഞ്ഞെത്തിയവർ ബസ് സ്റ്റാന്റിൽ വിദ്യാർഥിനിയെയും സഹോദരനെയും അപമാനിച്ചെന്നും പിന്നാലെ ആക്രമണം നടത്തെയെന്നുമുള്ള പരാതിയിൽ സി.പി.എം പ്രാദേശിക നേതാവ് ഉൾപ്പെടെ അഞ്ചുപേർ അറസ്റ്റിൽ. സി.പി.എം. എടവണ്ണ ലോക്കൽ കമ്മിറ്റി സെക്രട്ടറി എം.ജാഫർ, സി.പി.എം. പഞ്ചായത്ത് അംഗമായ ജസീൽ, പി.കെ. മുഹമ്മദലി, ശിൽപിയായ പി.അബ്ദുൾ കരീം, കെ. അബ്ദുൾ ഗഫൂർ എന്നിവരെയാണ് എടവണ്ണ പൊലിസ് അറസ്റ്റ് ചെയ്തത്. ഇവരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു.ഈ മാസം 13 ന് എടവണ്ണ സ്റ്റാന്റിലാണ് സംഭവങ്ങളുടെ തുടക്കം. ബസ് സ്റ്റാന്റിൽ സംസാരിച്ച് നിൽക്കുകയായിരുന്ന വിദ്യാർഥിനിയെയും സഹോദരനെയും സദാചാര ഗുണ്ടകൾ അപമാനിക്കുകയും ഇവരുടെ ദൃശ്യങ്ങൾ പകർത്തി ഭീഷണിപ്പെടുത്തിയെന്നുമാണ് പരാതി. ഇത് ചോദ്യംചെയ്ത സഹോദരനെയും സുഹൃത്തുക്കളെയും പ്രതികൾ സംഘം ചേർന്ന് മർദിച്ചതായും പരാതിയിൽ പറഞ്ഞിരുന്നു.

ഈ സംഭവത്തിനു പിറ്റേന്നു 'ജനകീയകൂട്ടായ്മ'യുടെ പേരിൽ വിദ്യാർഥികൾക്കു മുന്നറിയിപ്പായും വിദ്യാർഥി പക്ഷത്തിന്റെ മറുപടിയായും ഫ്ലക്സ് ബോർഡുകൾ ഉയർന്നിരുന്നു. അഞ്ചുമണിക്കു ശേഷം ബസ് സ്റ്റാൻഡ് പരിസരത്തു വിദ്യാർഥികളെ കണ്ടാൽ കൈകാര്യം ചെയ്യുമെന്ന മുന്നറിയിപ്പുനൽകി ജനകീയ കൂട്ടായ്മ ഫ്ലെക്സ് വയ്ക്കുകയായിരുന്നു. എന്നാൽ 'രാവിലെ 7 മുതൽ വൈകിട്ട് 7 വരെയാണു ബസ് കൺസഷൻ സമയമെന്നും 5നു ശേഷം കണ്ടാൽ കൈകാര്യം ചെയ്തു കളയുമെന്നു ബോർഡ് യ്ക്കാൻ അധികാരമില്ലെന്നും' വിദ്യാർഥിപക്ഷ' മെന്ന പേരിൽ മറുപടി ഫ്ലെക്സും പ്രത്യക്ഷപ്പെട്ടു. പിന്നാലെ പൊലീസെത്തി രണ്ടു ബോർഡുകളും നീക്കം ചെയ്യുകയായിരുന്നു.

## ജനനായകന് ആദരാഞ്ജലികൾ

പൊതുപ്രവർത്തകൻ എങ്ങനെയായിരിക്കണം, ഭരണാധികാരി എങ്ങനെയായിരിക്കണമെന്നതിന് സമാനതകളില്ലാത്ത ഉദാഹരണമായിരുന്നു ശ്രീ ഉമ്മൻ ചാണ്ടി. ജനങ്ങൾക്കിടയിലേക്ക് അവരുടെ പ്രശ്നപരിഹാരത്തിനായി ഓടിയിറങ്ങിയ ഇതുപോലുള്ള മുഖ്യമന്ത്രിയെ കേരളം കണ്ടിട്ടില്ല. രാവു പകലും ഊണും ഉറക്കവും ഉപേക്ഷിച്ചുമാണ് ജന സമ്പർക്ക പരിപാടിയിലൂടെ സാധാരണക്കാരുടെ കണ്ണീരൊപ്പിയത്.

ഒരു മുഖ്യമന്ത്രി എങ്ങനെയായിരിക്കണമെന്ന് ഇതിൽ പരം ദൃഷ്ടാന്തം വേറെയില്ല. തന്നിലേക്ക് വരുന്നവരെയും അദ്ദേഹം കണ്ടെത്തുന്നവരെയും ചേർത്തുപിടിച്ച നേതാവായിരുന്നു അദ്ദേഹം.ഒരു പൊതുപ്രവർത്തകന്റെ കർമ്മമണ്ഡലം ജനങ്ങൾക്കിടയിലാണെന്ന് തിരിച്ചറിഞ്ഞ നേതാവായിരുന്നു അദ്ദേഹം. അദ്ദേഹം മുഖ്യമന്ത്രിയായ കാലത്താണ് കേരളത്തിലെ പ്രധാനപ്പെട്ട വികസനങ്ങളെല്ലാം വന്നത്. വിഴിഞ്ഞം തുറമുഖം, മെട്രോറെയിൽ, കണ്ണൂർ വിമാനത്താവളം, മെഡിക്കൽകോളെജ്, റോഡ് വികസനം ഇവയെല്ലാം ചില ചില ഉദാഹരണങ്ങൾ മാത്രമാണ്. നാടിന്റെ വികസനത്തിന് വേണ്ടിയുള്ള ഓട്ടമായിരുന്നു അദ്ദേഹത്തിന്റേത്. ഏതൊരാൾക്കും എപ്പോഴും അദ്ദേഹത്തെ സമീപിച്ച് കാര്യങ്ങൾ നേരിട്ട് പറയാനുള്ള അവസരം ഉണ്ടായിരുന്നു. അത്കൊണ്ട് തന്നെ സാധാരണക്കാർക്ക് വരെ അദ്ദേഹത്തിനെ ചേർന്ന് നിന്ന് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാമായിരുന്നു.നീണ്ട അമ്പത് വർഷക്കാലം ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്ന് എംഎൽഎ ആയി തിരഞ്ഞെടുക്കപ്പെട്ടു എന്നതിൽ നിന്ന് തന്നെ അദ്ദേഹത്തിന്റെ ജനപ്രീതി മനസിലാക്കാവുന്നതേയുള്ളു. അതുമൊരു റിക്കാർഡ് ആണ്, ഭേദിക്കാനാവാത്ത റിക്കാർഡ്.

കെഎസ്‌യു, യൂത്ത് കോൺഗ്രസ്, കോൺഗ്രസ് പ്രവർത്തകനായി ഭാരവാഹിയായി അദ്ദേഹം കോൺഗ്രസിനെ നയിച്ചു. മന്ത്രിയായി, മുഖ്യമന്ത്രിയായി സംസ്ഥാനത്തെയും നയിച്ചു. വിടപറയുന്നത് കാരുണ്യഹൃദയമുള്ള നാടിന്റെ വികസനത്തെ നെഞ്ചേറ്റിയ ജനങ്ങളുടെയും പാർട്ടിപ്രവർത്തകരുടെയും പ്രിയ നേതാവാണ്.

ഭരണാധികാരി എന്ന നിലക്ക് അദ്ദേഹത്തിന്റെ സംഭാവനകൾ ചരിത്രത്തിലിടം നേടിയതാണ്. രാഷ്ട്രീയ പ്രവർത്തനത്തിലെ സൗമ്യതയും വേഗതയും എക്കാലത്തും സ്മരിക്കപ്പെടും. നാടിന്റെ മനസുകളിൽ ഉമ്മൻചാണ്ടി എന്ന നേതാവ് ജ്വലിക്കുന്ന ഓർമയായി നിലനിൽക്കും. ജനപക്ഷത്ത് നിലകൊണ്ട ജനപ്രിയ നായകന്, ഭരണാധികാരിക്ക് ആദരാഞ്ജലികൾ.

# ജനതയെ കേൾക്കാൻ ഓടി നടന്ന ഒരാൾ

ജനങ്ങളുടെ പ്രയാസങ്ങൾ തൊട്ടറിയാനായി ഓടി നടന്ന ഒരാൾ. മണിക്കൂറുകളോളം നിന്ന് ജനങ്ങളെ കേട്ട് ഒടുവിൽ അവരുടെ തോളിൽ സാന്ത്വനമായയാൾ. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമായ അവരിലൊരാൾ. ഉമ്മൻ ചാണ്ടി എന്ന തികഞ്ഞ രാഷ്ട്രീയക്കാരനെ ജനപ്രിയ നേതാവാക്കി മാറ്റിയത് ഇതായിരുന്നു. അതിരുകളില്ലാതെ ജനങ്ങളിലേക്കിറങ്ങാനും അവരെ കേൾക്കാനുമുള്ള അദ്ദേഹത്തിന്റെ സന്നദ്ധത. ജനങ്ങളുമായി ഇഴുകി ചേർന്ന കേരളീയ നേതാവ് എന്നാൽ മലയാളിയുടെ മനസ്സിൽ ആദ്യം വരുന്ന ചിത്രം ഉമ്മൻ ചാണ്ടിയുടേതായിരിക്കുമെന്നതിൽ സംശയമില്ല.

ജനക്കൂട്ടമെന്നാൽ ഉമ്മൻ ചാണ്ടിക്ക് ഒരു വികാരമായിരുന്നു. അനുയായികളുമൊത്തുള്ള അദ്ദേഹത്തിന്റെ സഞ്ചാരങ്ങൾ എന്നും ജനങ്ങളുടെ പ്രശ്നങ്ങൾ തൊട്ടറിഞ്ഞുള്ള യാത്രകൾ കൂടിയായിരുന്നു. അതിനുള്ള ഏറ്റവും വലിയ ഉദാഹരണമായിരുന്നു ജനസമ്പർക്ക പരിപാടികൾ. 2004ൽ ആദ്യമായി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ജനസമ്പർക്കം എന്ന പേരിൽ ഒരു ആശയം ഉമ്മൻ ചാണ്ടിയുടെ മനസിലുദിച്ചത്. ജനങ്ങൾക്കിടയിൽ വിശ്രമമില്ലാതെ പരാതികൾ കേട്ട് പരിഹാരമാർഗം കണ്ടെത്തുന്ന ജനസമ്പർക്ക പരിപാടി അതിവേഗം ജനങ്ങൾ ഏറ്റെടുത്തു.

ചെന്നെത്തുന്ന ഓരോ ഇടങ്ങളിലും തന്നെത്തേടിയെത്തുന്ന അവസാനത്തെ ആളേയും കേട്ട ശേഷം മാത്രം തിരിച്ചുപോവുന്ന മുഖ്യമന്ത്രി. അക്ഷരാർത്ഥത്തിൽ അതിശയം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സഹയാത്രികർക്കു പോലും അത്. പത്തൊമ്പത് മണിക്കൂർ വരെ നീണ്ട് നിന്ന ജനസമ്പർക്ക പരിപാടിയിൽ ഒറ്റ നിൽപ്പിൽ പങ്കെടുത്തിട്ടുണ്ട് ഉമ്മൻചാണ്ടി. മണിക്കൂറുകൾ നീണ്ടു പോവുന്നത് അദ്ദേഹം അറിയാറില്ല. വിശപ്പോ ദാഹമോ ഈ അവസരങ്ങളിൽ ഈ മനുഷ്യനെ അലട്ടാറില്ല. ഇടക്കിടെ കുടിക്കുന്ന ഒരോ ഗ്ലാസ് വെള്ളം.അതായിരുന്നു അദ്ദേഹത്തിന്റെ 'എനർജി ബൂസ്റ്റർ'. ഇതെല്ലാം അദ്ദേഹത്തെയെത്തിച്ചത് യു.എന്നിന്റെ ജനകീയ മുഖ്യമന്ത്രിയെന്ന ആദരത്തിലേക്ക് കൂടിയായിരുന്നു. ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹത്തോടൊപ്പമുള്ള അനുഭവം പല നേതാക്കളും പങ്കുവെച്ചിട്ടുണ്ട്.



ജനസമ്പർക്ക പരിപാടിക്കിടെ ഉമ്മൻചാണ്ടി



### ജനങ്ങൾക്കുണ്ടായ ഏറ്റവും വലിയ നഷ്ടം: എ കെ ആന്റണി

ഉമ്മൻ ചാണ്ടിയുടെ വേർപാട് കേരളത്തിലെ ജനങ്ങൾക്കുണ്ടായ ഏറ്റവും വലിയ നഷ്ടമെന്ന് മുൻ മുഖ്യമന്ത്രിയും കോൺ?ഗ്രസ് നേതാവുമായ എ കെ ആന്റണി. കേരളത്തില് കോൺഗ്രസ് പാർട്ടിക്കും യുഡിഎഫിനുമുണ്ടായ നഷ്ടമാണ് ഉമ്മൻ ചാണ്ടിയുടെ വിയോഗം. തന്റെ ഇത്രയും കാലത്തെ പൊതുജീവിതത്തിൽ തനിക്കുണ്ടായ ഏറ്റവും വലിയ നഷ്ടം. തന്റെ കുടുംബത്തിന് ഉണ്ടായ ഏറ്റവും വലിയ നഷ്ടവും ഉമ്മൻ ചാണ്ടിയുടെ വേർപാടാണെന്നും എ കെ ആന്റണി പറഞ്ഞു.



ഉമ്മൻചാണ്ടിക്ക് അന്തിമോപചാരം അർപ്പിക്കുന്ന നേതാക്കൾ

### കേന്ദ്ര ഏജൻസിയുടെ നിർണായക നീക്കം

## സ്റ്റാലിൻ മന്ത്രിസഭയിലെ മന്ത്രി കെ. പൊന്മുടി കസ്റ്റഡിയിൽ

ചെന്നൈ: നിർണായക നീക്കവുമായി ഇഡി. 13 മണിക്കൂർ നീണ്ടു നിന്ന റെയ്ഡിന് പിന്നാലെ സ്റ്റാലിൻ മന്ത്രിസഭയിലെ മന്ത്രി കെ. പൊന്മുടിയെ ഇഡി കസ്റ്റഡിയിലെടുത്തു. മണിക്കൂർ നീണ്ടു നിന്ന റെയ്ഡിന് പിന്നാലെ മന്ത്രിയെ കസ്റ്റഡിയിലെടുത്ത് കാറിൽ ഇഡി ഓഫീസിലേക്ക് കൊണ്ടുപോയി. 2006 ൽ മന്ത്രിയായിരിക്കെ മകനും സുഹൃത്തുക്കൾക്കും അനധികൃതമായി ഖാറി ലൈസൻസ് നൽകി ഖജനാവിന് 28 കോടിയുടെ നഷ്ടം വരുത്തിയെന്ന കേസിലാണ് വർഷങ്ങൾക്ക് ശേഷം ഇഡി നടപടി.



ഈ കേസ് ജയലളിതയുടെ കാലത്താണ് രജിസ്റ്റർ ചെയ്തത്. 11 വർഷം പഴക്കമുള്ള കേസ് പൊടിതട്ടിയെടുത്ത ഇഡി സംഘം ,സിആർപിഎഫ് ഉദ്യോഗസ്ഥർക്കൊപ്പം മന്ത്രിയുടെ ചെന്നൈയിലെയും വിഴുപ്പുറത്തെയും വീടുകളിലും പൊന്മുടിക്ക് പങ്കാളിത്തമുള്ള എഞ്ചിനിയറിംഗ് കോളേജിലും ഇന്ന് പരിശോധന നടത്തുകയായിരുന്നു. വിദേശത്തെ കള്ളപ്പണ നിക്ഷേപത്തിൽ ഇഡി അന്വേഷണം നേരിടുന്ന മകനും ലോകസ്ഭാ എംപിയുമായ ഗൗതം ശിഖാമണിയുടെ വീടുകളിലും റെയ്ഡുണ്ടായി.

## തോൽവിയറിയാത്ത 12 നിയമ സഭാ തിരഞ്ഞെടുപ്പുകൾ

**ഒന്നാം ജയം (1970)**

1970 സെപ്തംബർ 17ന് യൂത്ത് കോൺഗ്രസ് സംസ്ഥാന അദ്ധ്യക്ഷൻ ഉമ്മൻ ചാണ്ടിയുടെ കന്നിയങ്കം. ചിഹ്നം തെങ്ങ്.

**രണ്ടാം ജയം (1977)**

അടിയന്തരാവസ്ഥ കാരണം 1975 സെപ്തംബറിൽ നടക്കേണ്ട നിയമസഭാ തിരഞ്ഞെടുപ്പ് നടന്നത് 1977 മാർച്ച് 19ന്. പുതുപ്പള്ളിയിൽ ഉമ്മൻചാണ്ടിയുടെ രണ്ടാമൂഴം. ജയം 15,910 വോട്ടിന്. ജനതാ പാർട്ടയിലെ പി.സി ചെറിയാൻ എതിർസ്ഥാനാർത്ഥി.111 സീറ്റ് എന്ന സർവകാല റെക്കാഡ് നേടിയ യു.ഡി.എഫ് കെ. കരുണാകരന്റെ നേതൃത്വത്തിൽ മാർച്ച് 25ന് അധികാരത്തിലേറി. അതിൽ ഉമ്മൻ ചാണ്ടി 33 ാം വയസിൽ തൊഴിൽവകുപ്പ് മന്ത്രിയായി. രാജൻ കേസിലെ കോടതിവിധിയെ തുടർന്ന്, ഒരു മാസം കഴിഞ്ഞപ്പോൾ ഏപ്രിൽ 25ന് കരുണാകരൻ മന്ത്രിസഭ രാജിവച്ചു. എ.കെ ആന്റണി 36 - ാം വയസിൽ മുഖ്യമന്ത്രിയായി. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ള മന്ത്രിമാർ തുടർന്നു.

**മൂന്നാം ജയം (1980)**

കോൺഗ്രസിലെ അഖിലേന്ത്യാ പിളർപ്പിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഒരു വിഭാഗം ദേവരാജ് അരശ് അദ്ധ്യക്ഷനായ കോൺഗ്രസിന്റെ ഭാഗമായി. കോൺഗ്രസ് -യു ഉൾപ്പെട്ട ഇടതുമുന്നണിയിൽ നിന്ന് മത്സരിച്ച് ഉമ്മൻചാണ്ടി ജയിച്ചത് 13,659 വോട്ടിന്. എൻ.ഡി.പിയിലെ എം.ആർ.ജി പണിക്കർ എതിരാളി. 16 മാസം കഴിഞ്ഞപ്പോൾ കോൺഗ്രസ് - യു മന്ത്രിസഭയ്ക്കുള്ള പിന്തുണ പിൻവലിച്ചു. തുടർന്ന് കോൺഗ്രസ് - എ രൂപീകരിച്ച് ഉമ്മൻ ചാണ്ടി എ വിഭാഗത്തിന്റെ പാർലമെന്ററി പാർട്ടി നേതാവായി.കോൺഗ്രസ് - എ ഉൾപ്പെടുന്ന 71 പേരുടെ പിന്തുണയുമായി കെ. കരുണാകരന്റെ നേതൃത്വത്തിൽ 1981 ഡിസം 28ന് പുതിയ മന്ത്രിസഭ. ഉമ്മൻചാണ്ടി ആഭ്യന്തരമന്ത്രി.

**നാലാം ജയം (1982)**

സ്വതന്ത്രസ്ഥാനാർത്ഥി തോമസ് രാജൻ എതിരാളി. ഉമ്മൻ ചാണ്ടിയുടെ ജയം 15,983 വോട്ടിന്. 1982 ഡിസംബർ 13ന് ഇന്ദിരാഗാന്ധിയുടെ സാന്നിദ്ധ്യത്തിൽ കൊച്ചിയിൽ നടന്ന മഹാസമ്മേളനത്തിൽ രണ്ടു കോൺഗ്രസുകളും ലയിച്ചു. കെ. കരുണാകരൻ നിയമസഭാ കക്ഷിനേതാവും ഉമ്മൻചാണ്ടി ഉപനേതാവും.

**അഞ്ചാംജയം (1987)**

സി.പി.എമ്മിലെ വി.എൻ. വാസവനെതിരെ 9,164 വോട്ടിനു ജയം.

**ആറാം ജയം (1991)**

സി.പി.എമ്മിലെ വി.എൻ. വാസവൻ രണ്ടാംതവണയും എതിരാളി. 13,811 വോട്ടിന് ഉമ്മൻചാണ്ടിയുടെ ജയം. 1991 ജൂൺ 24ന് കെ. കരുണാകരൻ നാലാം തവണ മുഖ്യമന്ത്രിയും ഉമ്മൻചാണ്ടി ധനമന്ത്രിയുമായി.

**ഏഴാം ജയം (1996)**

സി.പി.എമ്മിലെ റെജി സഖറിയയ്ക്കെതിരെ 10,155 വോട്ടിനു ജയം.

**എട്ടാം ജയം (2001)**

അപ്രതീക്ഷിത എതിരാളി ഇടതുസ്വതന്ത്ര വേഷത്തിൽ ചെറിയാൻ ഫിലിപ്പ്. ഉമ്മൻചാണ്ടിയുടെ ജയം 12,575 വോട്ടിന്. എ.കെ. ആന്റണി മൂന്നാംവട്ടം മുഖ്യമന്ത്രി. ഉമ്മൻചാണ്ടി വീണ്ടും യു.ഡി.എഫ് കൺവീനറായി. കെ.പി.സി.സി അദ്ധ്യക്ഷനും എം.പിയുമായിരുന്ന കെ. മുരളീധരൻ തത്സ്ഥാനങ്ങൾ രാജിവച്ച് വൈദ്യുതിമന്ത്രിയായി. 2004ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ പൊന്നാനി ഒഴികെ 19 സീറ്റിലും യു.ഡി.എഫ് തോറ്റു. തോൽവിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് എ.കെ ആന്റണി രാജിവച്ചു. ഉമ്മൻ ചാണ്ടി 2004 ഓഗസ്റ്റ് 31ന് കേരളത്തിന്റെ 19-ാം മുഖ്യമന്ത്രിയായി. അതിവേഗം, ബഹുദൂരം മുഖ്യമുദ്രാവാക്യമാകുന്നത് അപ്പോൾ.

**ഒൻപതാം ജയം (2006)**

സി.പി.എമ്മിലെ സിന്ധു ജോയി മുഖ്യഎതിരാളി. ഉമ്മൻ ചാണ്ടിയുടെ ജയം 19,863 വോട്ടിന്.

**പത്താം ജയം (2011)**

സി.പി.എമ്മിലെ സുജ സൂസൻ ജോർജ് എതിർസ്ഥാനാർത്ഥി. 33,255 എന്ന പടുകൂറ്റൻ ഭൂരിപക്ഷം നേടി ഉമ്മൻചാണ്ടിയുടെ ജയം. കേരളം ശ്വാസമടക്കി നിന്ന വോട്ടെണ്ണലിലൂടെയാണ് യു.ഡി.എഫ് സർക്കാർ അധികാരത്തിലേറിയത് 72: 68.2011 മേയ് 18ന് ഉമ്മൻചാണ്ടി രണ്ടാംതവണ മുഖ്യമന്ത്രിയായി.വികസനവും കരുതലും മുഖ്യ മുദ്രാവാക്യം. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഭേദപ്പെട്ട പ്രകടനമെങ്കിലും പിന്നീട് വിവാദമഴ. സോളാർ, ബാർ കോഴ ആരോപണങ്ങൾ സർക്കാരിനെ ക്ഷീണിപ്പിച്ചു.

**11-ാം ജയം (2016)**

എസ്.എഫ്.ഐ നേതാവ് ജയ്ക് സി.തോമസ് എതിരാളി. ഉമ്മൻ ചാണ്ടിയുടെ ജയം 27,092 വോട്ടിന്.

**12-ാം ജയം (2021)**

ജയ്ക് സി.തോമസിനെ വീണ്ടും പരാജയപ്പെടുത്തി കൊണ്ട് വിജയം.

### പ്ലസ് ടു കോഴക്കേസ്:

# കെ.എം ഷാജിക്ക് സുപ്രിംകോടതി നോട്ടിസ്; ആറ് ആഴ്ച്ചയ്ക്കുള്ളിൽ മറുപടി നൽകണം



ന്യൂഡൽഹി: പ്ലസ് ടു കോഴക്കേസിൽ മുസ് ലിം ലീഗ് സംസ്ഥാന സെക്രട്ടറിയും മുൻ എം.എൽ.എയുമായ കെ.എം ഷാജിക്ക് നോട്ടിസ് അയച്ച് സുപ്രിംകോടതി. ആറ് ആഴ്ച്ചയ്ക്കുള്ളിൽ നോട്ടിസിന് മറുപടി നൽകണമെന്ന് സുപ്രിംകോടതി ഷാജിക്ക് നിർദ്ദേശം നൽകി. വിജിലൻസ് കേസ് റദ്ദാക്കിയതിനെതിരെ സംസ്ഥാന സർക്കാർ നൽകിയ അപ്പീലിലാണ് സുപ്രീംകോടതി നോട്ടീസ് അയച്ചിരിക്കുന്നത്.ഷാജി കൈക്കൂലി ചോദിച്ചതിന് ഏതെങ്കിലും തെളിവുണ്ടോയെന്ന് വാദത്തിനിടെ കോടതി ചോദിച്ചു.നേരിട്ടുള്ള തെളിവുകൾ ഇല്ലാത്തതിനാൽ ആണല്ലോ ഹൈക്കോടതി കേസ് റദ്ദാക്കിയതെന്നും കോടതി ചൂണ്ടിക്കാട്ടി. നേരിട്ട് കൈക്കൂലി ചോദിച്ചതിന് തെളിവുകൾ ഇല്ലെങ്കിലും ഷാജിക്കെതിരെ പരോക്ഷ തെളിവുകൾ ലഭിച്ചിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ നീരജ് കിഷൻ കൗളും, സ്റ്റാൻഡിങ് കോൺസൽ ഹർഷദ് വി ഹമീദും വാദിച്ചു.അഴീക്കോട് എം എൽഎയായിരിക്കെ 2016ൽ കെ.എം ഷാജി അഴീക്കോട് സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കാൻ 25 ലക്ഷം രൂപ കോഴ വാങ്ങിയെന്നായിരുന്നു ആരോപണം. സി.പി.എം പ്രാദേശിക നേതാവ് ആണ് 2017 ൽ മുഖ്യമന്ത്രിക്കു പരാതി നൽകിയത്. വിജിലൻസ് എസ് പി കഴമ്പില്ലെന്നു കണ്ടു പരാതി തള്ളിയിരുന്നു. എന്നാൽ വീണ്ടും പ്രോസീക്യൂഷൻ നിയമോപദേശത്തിൽ വിജിലൻസ് അന്വേഷണം തുടങ്ങി. ഈ കാര്യം ചൂണ്ടിക്കാട്ടിയാണ് കെ എം ഷാജി ഹൈക്കോടതിയെ സമീപിച്ചത്.അന്വേഷണത്തിനിടെ ഷാജിയുടെ വീട്ടിൽ നിന്നും വിജിലൻസ് പണം പിടിച്ചെടുത്തിരുന്നു. 47 ലക്ഷം രൂപയാണ് ഷാജിയുടെ വീട്ടിൽ നിന്നും പിടിച്ചെടുത്തത്.

# മാനനഷ്ടക്കേസ്; രാഹുൽ ഗാന്ധി സമർപ്പിച്ച ഹരജി സുപ്രീംകോടതി 21ന് പരിഗണിക്കും



ന്യൂഡൽഹി: 'മോദി' പരാമർശവുമായി ബന്ധപ്പെട്ട മാനനഷ്ടക്കേസിലെ ഗുജറാത്ത് ഹൈകോടതി വിധിക്കെതിരെ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി സമർപ്പിച്ച ഹരജി സുപ്രീംകോടതി ജൂലൈ 21ന് പരിഗണിക്കും. കേസിൽ കീഴ്കോടതി വിധിച്ച തടവുശിക്ഷ സ്റ്റേ ചെയ്യണമെന്ന് ചൂണ്ടിക്കാട്ടി രാഹുൽ നൽകിയ പുനഃപരിശോധന ഹരജി അടുത്തിടെ ഹൈകോടതി തള്ളിയിരുന്നു.

2019 ഏപ്രിൽ 13ന് ലോക്സഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ കർണാടകത്തിലെ കോലാറിൽ സംഘടിപ്പിച്ച റാലിയിൽ നടത്തിയ പ്രസംഗത്തിൽ മോദി സമുദായത്തെ രാഹുൽ ഗാന്ധി അവഹേളിച്ചെന്നാണ് കേസ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പരിഹസിച്ച് നടത്തിയ പരാമർശമാണ് രാഹുലിന് തിരിച്ചടിയായത്.

'കള്ളന്മാരുടെയെല്ലാം പേരുകളിൽ എങ്ങനെയാണ് മോദി എന്നു വന്നത്. നരേന്ദ്ര മോദി, ലളിത് മോദി, നീരവ് മോദി എല്ലാവരുടെയും പേരിൽ മോദിയുണ്ട്' എന്നായിരുന്നു രാഹുലിൻറെ പരാമർശം. തുടർന്ന് മോദി സമുദായത്തെ അവഹേളിച്ചെന്ന് ചൂണ്ടിക്കാട്ടി ബി.ജെ.പി എം.എൽ.എയും ഗുജറാത്ത് മുൻ മന്ത്രിയുമായ പൂർണേഷ് മോദി പരാതി നൽകി. തുടർന്ന് ഐ.പി.സി 504 വകുപ്പ് പ്രകാരം കേസ് രാഹുലിനെതിരെ കേസെടുത്തു.

മാർച്ച് 23ന് കേസ് പരിഗണിച്ച സൂറത്ത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി രാഹുൽ ഗാന്ധിക്ക് പരമാവധി തടവുശിക്ഷയായ രണ്ട് വർഷം വിധിച്ചു. സൂറത്ത് കോടതിയുടെ വിധിക്ക് പിന്നാലെ രാഹുലിൻറെ വയനാട് ലോക്സഭാംഗത്വം റദ്ദാക്കുകയും ആറു വർഷത്തേക്ക് തെരഞ്ഞെടുപ്പ് അയോഗ്യത നിലവിൽ വരുകയും ചെയ്തു. സൂറത്ത് കോടതി വിധിക്കെതിരെ ഹൈകോടതിയെ സമീപിച്ചെങ്കിലും ഹൈകോടതി ശിക്ഷ അംഗീകരിക്കുകയായിരുന്നു.

# വിടവാങ്ങിയത് ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപം: ഡോ.ഹുസൈൻ മടവൂർ

കോഴിക്കോട്: ആദർശ രാഷട്രീയത്തിന്റെ ആൾരൂപമായിരുന്നു മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെന്ന് കെ.എൻ.എം ഉപാധ്യക്ഷൻ ഡോ.ഹുസൈൻ മടവൂർ അനുശോചന സന്ദേശത്തിൽ അനുസ്മരിച്ചു. സാധാരണ ജനങ്ങൾക്ക് എല്ലാ സമയത്തും ബന്ധപ്പെടാൻ കഴിയുന്ന ജനകീയ നേതാവായിരുന്നു അദ്ദേഹം. രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായ മനുഷ്യബന്ധങ്ങൾ കെട്ടിപ്പടുത്ത അപൂർവ്വം നേതാക്കളിലൊരാളായിരുന്നു ഉമ്മൻ ചാണ്ടി. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ ഉയർന്നുവന്നതിനാൽ തന്നെ യുവ സമൂഹത്തിന്റെ വികാരങ്ങളുൾക്കൊള്ളാൻ അദ്ദേഹത്തിന്നു കഴിഞ്ഞു. വിവിധ മതസമൂഹങ്ങളെയും സമുദായങ്ങളെയും ഒന്നിപ്പിച്ച് നിർത്താൻ പരിശ്രമിച്ച മതേതരവാദിയായിരുന്നു ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ വിയോഗം മഹാനഷ്ടമാണെന്നും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് ചേരുന്നതായും ഹുസൈൻ മടവൂർ പറഞ്ഞു.

## ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ നേതാവായിരുന്നു ഉമ്മൻചാണ്ടി: അനു ചാക്കോ

കോഴിക്കോട്: ഇന്ത്യൻ രാഷ്ട്രീയത്തിൽ തന്റെ വ്യക്തിത്വം കൊണ്ട് ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ നേതാവായിരുന്നു ഉമ്മൻചാണ്ടി എന്ന് രാഷ്ട്രീയ ജനതാദൾ അഖിലേന്ത്യ ജനറൽ സെക്രട്ടറി അനു ചാക്കോ അനുശോചന സന്ദേശത്തിൽ അറിയിച്ചു.

രാഷ്ട്രീയത്തിൽ വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിന് ഉമ്മൻചാണ്ടി മറ്റു രാഷ്ട്രീയക്കാർക്ക് മാതൃകയാണ് എന്നും രാഷ്ട്രീയ ജനതാദൾ അഖിലേന്ത്യ ജനറൽ സെക്രട്ടറി അനു ചാക്കോ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

# സംസ്ഥാനത്ത് വീണ്ടും ഗുരുതര സാമ്പത്തിക പ്രതിസന്ധി

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും ഗുരുതര സാമ്പത്തിക പ്രതിസന്ധി. നിത്യനിദാന വായ്പാ പരിധി കഴിഞ്ഞതോടെ ഒരാഴ്ചയായി ഓവർഡ്രാഫ്റ്റിലാണ്. ഓണച്ചെലവ് കൂടി വരുന്നതോടെ ബാധ്യത ഇരട്ടിയാകും.

ഖജനാവിൽ മിച്ചമില്ലാതായതോടെ റിസർവ് ബാങ്ക് അനുവദിക്കുന്ന നിത്യനിദാന വായ്പ കൊണ്ടാണ് സംസ്ഥാനം മുന്നോട്ടു പോയിരുന്നത്. വായ്പാ പരിധി കഴിഞ്ഞതോടെ ഒരാഴ്ചയായി ഓവർഡ്രാഫ്റ്റിലാണ്. പരമാവധി നിത്യനിദാന വായ്പാ തുകയായ 1670 കോടി രൂപയാണ് ഓവർഡ്രാഫ്റ്റായി അനുവദിക്കുക. ഇത് രണ്ടും ചേർന്ന് 3,000 കോടിയിലേറെ രൂപ രണ്ടാഴ്ച കൊണ്ട് തിരിച്ചെത്തിയില്ലെങ്കിൽ ട്രഷറി ഇടപാടുകൾ പ്രതിസന്ധിയിലാകുമെന്നതാണ് സ്ഥിതി.

2,000 കോടി രൂപ ഉടൻ കടമെടുത്ത് ഈ പ്രതിസന്ധി പരിഹരിക്കാനാണ് ധനവകുപ്പ് ലക്ഷ്യമിടുന്നത്. അപ്പോഴും ഓണക്കാലത്തെ ചെലവുകൾക്കായി ഭീമമായ തുക വേറെ കണ്ടെത്തേണ്ടി വരും. സർക്കാർ ജീവനക്കാരുടെ ബോണസ്, ഉത്സവബത്ത, ക്ഷേമപെൻഷൻ എന്നിങ്ങനെ ചെലവുകൾക്ക് എല്ലാമായി 8,000 കോടിയെങ്കിലും വേണം. വിവിധ പദ്ധതികൾക്കായി കേന്ദ്രം നൽകാനുള്ള സഹായധന കുടിശിക ഉടൻ നൽകണമെന്നും ധനവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

# വീണ്ടും പവാറിനെ കണ്ട് അജിത്; ഐക്യപ്പെടുമെന്ന് പ്രതീക്ഷ



മുംബൈ: ഇരുപത്തിനാലു മണിക്കൂറിനിടെ രണ്ടാമതും എൻ.സി.പി ദേശീയ അധ്യക്ഷൻ ശരദ് പവാറിനെ സന്ദർശിച്ച് മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും എൻ.സി.പി വിമത നേതാവുമായ അജിത് പവാർ. പ്രഫുൽ പട്ടേൽ, സുനിൽ തത്കരെ എന്നിവരോടൊപ്പമാണ് മുൻകൂട്ടി നിശ്ചയിക്കാതെ ഇന്നലെ നിയമസഭാ സമ്മേളനത്തിനു ശേഷം അജിത് ശരദ് പവാറിനെ കണ്ടത്. എൻ.സി.പയെ ഐക്യത്തോടെ നിലനിർത്താൻ ഇടപെടണമെന്ന് പവാറിനോട് അഭ്യർഥിച്ചതായും എന്നാൽ അദ്ദേഹം ഒന്നും പ്രതികരിച്ചില്ലെന്നും സന്ദർശനത്തിന് ശേഷം പ്രഫുൽ പട്ടേൽ മാധ്യമങ്ങളോട് പറഞ്ഞു.പാർട്ടി ആസ്ഥാനമായ വൈ.ബി ചവാൻ സെന്ററിലായിരുന്നു കൂടിക്കാഴ്ച. എൻ.സി.പിയെ പിളർത്തി ബി.ജെ.പി സഖ്യ സർക്കാരിൽ ഉപമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തതിന് ശേഷം ആദ്യമായി ഞായറാഴ്ച അജിത് ശരദ് പവാറിനെ സന്ദർശിച്ചിരുന്നു. ഇതിനു ശേഷമാണ് ഇന്നലെ ചില എം.എൽ.എമാരോടൊപ്പം വീണ്ടും എത്തിയത്.

## വയനാട് ആർട്ട് ഫെസ്റ്റീവ ഡിസംബറിൽ

കൽപറ്റ: വയനാടിന്റെ ചരിത്രവും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന അന്തർദേശീയ കലോൽസവം സംഘടിപ്പിക്കാൻ തീരുമാനം. ജില്ലയിലെ കലാകാരന്മാർ, സാഹിത്യ പ്രേമികൾ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ ചേർന്നുള്ള വയനാട് ആർട്സ് ഫൗണ്ടേഷനാണ് ഫെസ്റ്റീവയുടെ സംഘാടകർ. കൊച്ചി മുസരിസ്സ് ബിനാലെ മാതൃകയിൽ ചരിത്ര സ്ഥലികളും ഗോത്രപാരമ്പര്യ പെരുമയും പ്രയോജനപ്പെടുത്തി വയനാടിന്റെ ഭൂമികയെ അന്തർദേശീയ സാംസ്കാരിക ഭൂപടത്തിൽ അടയാളപ്പെടുത്തുകയെന്ന ലക്ഷ്യവും പരിപാടികൾക്കുണ്ട്. ആഗസ്റ്റിൽ തുടങ്ങി ഡിസംബർ മാസത്തിൽ അവസാനിക്കുന്ന ഉത്സവകലണ്ടറാണ് സംഘാടകർ തയ്യാറാക്കിയിട്ടുള്ളത്. വിവിധ ഗ്രാമങ്ങളിൽ ഒരുക്കുന്ന കലാവിരുന്നുകളുടെ സമാപനമായാണ് ജില്ലാ ആസ്ഥാനത്തെ ആഘോഷം ആസൂത്രണം ചെയ്തിരിക്കുന്നത്.ഒരു ദേശം കലയെ ആവശ്യപ്പെടുന്നു എന്ന ടാഗ് ലൈനോടെ തയ്യാറാക്കിയ പരിപാടിക്ക് ഏറ്റം എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. സംവാദങ്ങൾ, പഠനാവതരണം, ഡോക്യുമെന്ററികൾ എന്നിവയോടൊപ്പം ലോകപ്രശസ്തരായ കലാകാരന്മാരുടെ ആവിഷ്കാരവും ഉണ്ടാവും. എല്ലാ വർഷവും നിശ്ചിത ദിവസങ്ങളിൽ അരങ്ങേറുന്ന പരിപാടി എന്ന നിലയിൽ വലിയ ഒരുക്കങ്ങൾക്കാണ് സംഘാടകർ തുടക്കമിട്ടത്.

നൂതനമായ കലാപ്രകടനങ്ങൾ, ചിത്രകല, ശില്പനിർമ്മിതി, ഇൻസ്റ്റലേഷനുകൾ എന്നിവയെല്ലാം ഉത്സവത്തിന്റെ ഭാഗമായുണ്ടാവും. സെപ്തംബറിൽ നടത്താനുദ്ദേശിക്കുന്ന കുട്ടികളുടെ ആർട്ട് വർക്ക്ഷോപ്പിന്റെ ക്യൂറേറ്ററായി ഡൽഹി ഇൻഡസ് ആർട്ട് കലകൂീവിലെ മെർലിൻ മോളിയെ നിയോഗിച്ചു.

## നിഖിൽ തോമസിന്റെ വ്യാജ സർട്ടിഫിക്കറ്റ് വിഷയത്തിൽ കോളജിന് ഗുരുതര വീഴ്ച പറ്റിയതായി കേരള സർവകലാശാല

തിരുവനന്തപുരം: മുൻ എസ്.എഫ്.ഐ നേതാവ് നിഖിൽ തോമസിന്റെ വ്യാജ സർട്ടിഫിക്കറ്റ് വിഷയത്തിൽ എം.എസ്.എം കോളേജിന് ഗുരുതര വീഴ്ച പറ്റിയതായി കേരള സർവകലാശാല. കൊമേഴ്സ് വകുപ്പിന് ഗുരുതരവീഴ്ച സംഭവിച്ചെന്നാണ് കണ്ടെത്തൽ. രേഖകളിൽ വ്യക്തതയില്ല എന്ന് കണ്ടെത്തിയ സർവകലാശാല, ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമുണ്ടെന്നും വ്യക്തമാക്കി. വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുക്കുന്നതിനെക്കുറിച്ചും സർവകലാശാല ഗൗരവമായി ആലോചിക്കുന്നുണ്ട്

കോളേജ് അധികൃതർ കഴിഞ്ഞദിവസം സർവകലാശാലയിൽ എത്തി രേഖകൾ സമർപ്പിച്ചിരുന്നു. ഈ രേഖകളിൽ വ്യക്തതയില്ലെന്നാണ് ഇപ്പോൾ സർവകലാശാല കണ്ടെത്തിയിരിക്കുന്നത്. 2017 20 കാലഘട്ടത്തിൽ നിഖിൽ തോമസ് കോളേജിൽ പഠിച്ചതിന്റെയും പരീക്ഷയെഴുതിയതിന്റെയോ വിശദാംശങ്ങൾ സൂക്ഷിച്ചില്ല.

പഠിച്ച് പരാജയപ്പെട്ടയാൾ എം കോമിന് അഡ്മിഷൻ തേടി വരുമ്പോൾ വിശദാംശങ്ങൾ പരിശോധിക്കേണ്ടതായിരുന്നെന്നുള്ള നിഗമനത്തിലാണ് സർവകലാശാല എത്തിയത്.

കായംകുളം എം.എസ്.എം കോളേജിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് എംകോം പ്രവേശനം നേടിയെന്ന പരാതിയിൽ കഴിഞ്ഞ മാസമാണ് മുൻ എസ്.എഫ്.ഐ നേതാവ് കൂടിയായ നിഖിലിനെ പൊലീസ് അറസ്റ്റ് ചെയ്തത്.

വ്യാജ സർട്ടിഫിക്കറ്റ് ആരോപണം വലിയ വിവാദമായതോടെ ഒളിവിൽപ്പോയ നിഖിലിനെ കോഴിക്കോട്ടു നിന്ന് കോട്ടയത്തേക്കുള്ള യാത്രമധ്യേയാണ് പിടികൂടിയത്. ഇതിൽ പിന്നീട് തീരുമാനം എടുക്കുമെന്നാണ് വിവരം.

## വടക്കൻ കേരളത്തിൽ ഇന്നുമുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്



തിരുവനന്തപുരം: വടക്കൻ കേരളത്തിൽ ഇന്നുമുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

വടക്കൻ കേരളത്തിൽ ശനിയാഴ്ച വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴ ലഭിക്കുമെന്നാണ് മുന്നറിയിപ്പിൽ പറയുന്നത്.

ശക്തമായ മഴ കണക്കിലെടുത്ത് ഇന്ന് നാലുജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. വടക്കൻ കേരളത്തിന് പുറമേ എറണാകുളത്തും ഇന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയാണ് പ്രവചിക്കുന്നത്. ഇതിന് പുറമേ കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചത്.

ബുധനാഴ്ച മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും വ്യാഴാഴ്ച കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും വെള്ളിയാഴ്ച കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും ശനിയാഴ്ച മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# വ്യവസായ മേഖലയുമായി ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് വ്യവസായ വിദഗ്ധരെ അധ്യാപകരായി നിയമിക്കാൻ എൻ.ഐ.ടി.സി

കോഴിക്കോട്: വ്യവസായങ്ങൾ, ഗവേഷണ-വികസനസ്ഥാപനങ്ങൾ, ദേശീയ അന്തർ ദേശീയ സർവകലാശാലകൾ എന്നിവയുമായി സഹകരിച്ചു പ്രവർത്തിച്ച വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റ് തയ്യാറെടുക്കുന്നു.

വിവിധമേഖലകളിൽ വിദഗ്ധരായ ആളുകളുമായി പ്രവർത്തിക്കാൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അവസരം ഉറപ്പുവരുത്തുന്നതിനായി വ്യവസായ വിദഗ്ധരെയും ഗവേഷകരെയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊഫസർ ഓഫ് പ്രാക്ടീസ്, വിസിറ്റിംഗ്, അഡ്ജങ്ട് ഫാക്കൽറ്റി പോസ്റ്റുകളിൽ നിയമിക്കുകയാണ് ലക്ഷ്യം.

അധ്യാപനത്തിലും ഗവേഷണത്തിലും മികവും നേതൃത്വവും പ്രോത്സാഹിപ്പിക്കാനും അധ്യാപകർ, വിദ്യാർത്ഥികൾ,ഗവേഷകർ, വ്യവസായവിദഗ്ധർ എന്നിവരുടെ ഇടയിൽ ആശയവിനിമയം സുഗമമാക്കാനുമാണ് ഈ നീക്കമെന്ന് എൻ.ഐ.ടി.സി ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ പറഞ്ഞു. വ്യവസായ-ഗവേഷണ വിദഗ്ധരുമായുള്ള സഹകരണം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഇത്തരം സ്ഥാപനങ്ങളുമായി ചേർന്നു പ്രവർത്തിക്കാൻ കൂടുതൽ അവസരങ്ങൾ ഉറപ്പാക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വിദ്യാർത്ഥികൾക്ക് വ്യവസായ-ഗവേഷണരംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും അവരുടെ അനുഭവസമ്പത്ത് വർദ്ധിപ്പിക്കാനും വിദഗ്ദ്ധരെ മുഴുവൻ സമയ അടിസ്ഥാനത്തിൽ പ്രൊഫസർ ഓഫ് പ്രാക്ടീസ് ആയി ഉൾപ്പെടുത്താനാണ് എൻ.ഐ.ടി.സി അധികാരികൾ പദ്ധതിയിടുന്നത്. വിവിധ എഞ്ചിനീയറിങ് മേഖലകളിൽ നിലവിലുള്ള സാങ്കേതികതയെയും പ്രവർത്തനരീതികളെയും കുറിച്ച് വിദ്യാർത്ഥികളിൽ ആഴത്തിലുള്ള ധാരണയും അറിവും ഉറപ്പാക്കുകയാണ് ലക്ഷ്യം.

കുറഞ്ഞത് 10 വർഷത്തെ പ്രവർത്തിപരിചയമെങ്കിലും സാങ്കേതിക, മാനേജീരിയൽ രംഗങ്ങളിലും പ്രഫഷണൽ രംഗത്തും ഉള്ളവരെ മാത്രമാണ് പ്രൊഫസർഓഫ് പ്രാക്ടീസ് ആയി നിയമിക്കുക. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഡിസൈൻ എന്നിവയിൽ കുറഞ്ഞത് ബിരുദം അല്ലെങ്കിൽ ശാസ്ത്രം/മാനവികത/മാനേജ്മെന്റ്/വിദ്യാഭ്യാസം/നിയമം എന്നീ മേഖലകളിൽ ബിരുദാനന്തരബിരുദം ഉണ്ടായിരിക്കണം. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ വ്യവസായ, ഗവേഷണ-വികസനസ്ഥാപനങ്ങളിൽനിന്നുള്ള വിസിറ്റിംഗ് ഫാക്കൽറ്റികളെയും അഡ്ജങ്ട് ഫാക്കൽറ്റികളെയും നിയമിക്കാനും എൻ.ഐ.ടി.സി തീരുമാനിച്ചിട്ടുണ്ട് എന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസറും സെന്റർ ഫോർ ഇൻഡസ്ട്രി ഇൻസ്റ്റിറ്റിയൂഷണൽ റിലേഷൻസിന്റെ ചെയർപേഴ്സനുമായ ഡോ. ജോസ്മാത്യു പറഞ്ഞു.

അക്കാദമിക് സ്കോളർഷിപ്പുകളും വിവിധമേഖലകളിലെ പ്രൊഫഷണലുകളുടെ പ്രായോഗിക അനുഭവവും സംയോജിപ്പിച്ച വിദ്യാർത്ഥികൾക്ക് മികച്ച അവസരങ്ങൾ ഉറപ്പുവരുത്താൻ വിദഗ്ധരുടെ നിയമനം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

'എല്ലാ തസ്തികകളും ഹ്രസ്വകാല കരാർ തസ്തികകളാണെന്നും തുടക്കത്തിൽ ഒരുവർഷത്തേക്ക്, പിന്നീട് പരമാവധി മൂന്ന് വർഷം വരെ അല്ലെങ്കിൽ 70 വയസ്സ് വരെ എന്ന രീതിയിലാകും നിയമനങ്ങൾ നടത്തുക എന്നും ഡോ. ജോസ് മാത്യു പറഞ്ഞു.

ഈ സംരംഭം വിദ്യാർത്ഥികൾക്ക് വ്യവസായങ്ങളുമായി സഹകരിക്കാനും നൂതന സാങ്കേതികവിദ്യകൾ പഠിച്ച് അവരുടെ അറിവ് മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## മലബാർ ദേവസ്വം ജീവനക്കാർ 20 ന് ഉച്ച മുതൽ 24 മണിക്കൂർ നിരാഹാര സത്യാഗ്രഹവും തുടർന്ന് 21ന് പ്രകടനവും നടത്തും

മലബാർ ക്ഷേത്ര ജീവനക്കാർക്ക് നീതി ലഭ്യമാക്കണമെന്ന ഹൈക്കോടതി വിധി പ്രസ്താവിച്ച ജൂലായ് 21 ന് സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ കോഴിക്കോട് കലക്ടറേറ്റിന് മുന്നിൽ ക്ഷേത്ര ജീവനക്കാർ 24 മണിക്കൂർ നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കും.

1994 ജൂലായ് 21 നാണ് കാലഹരണപ്പെട്ട മദിരാശി നിയമത്തിന് പകരം തിരു-കൊച്ചി ദേവസ്വം ബോർഡുകൾക്ക് സമാനമായി സമഗ്രമായ മലബാർ ദേവസ്വം നിയമം കൊണ്ടുവരണമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധി ഉണ്ടായത്. എന്നാൽ വിധി വന്ന് 29 വർഷം പിന്നിട്ടിട്ടും മലബാർ ക്ഷേത്ര ജീവനക്കാർക്ക് നീതി ലഭിച്ചിട്ടില്ല.

കോടതി വിധിക്ക് പുറമെ ഇതുസംബന്ധിച്ച് സർക്കാർ തന്നെ നിയമിച്ച വിവിധ കമ്മീഷൻ റിപ്പോർട്ടുകളേയും സർക്കാർ അവഗണിച്ചു. സ്വാതന്ത്ര്യം നേടി 75 വർഷം പിന്നിട്ടിട്ടും കാലഹരണപ്പെട്ട ബ്രിട്ടീഷ് നിയമം തന്നെ നിലനിൽക്കുനതിനാൽ ജീവനക്കാർക്ക് ജീവിക്കാനാവശ്യമായ വേതനമില്ല, ഒരു ലീവ് പോലും അനുവദിക്കുന്നില്ല, പ്രതിമാസ വേതനമില്ല, വേതനം വർഷങ്ങളോളം കുടിശ്ശികയാണ്. ജന്മിമാരും നാട്ടുരാജാക്കന്മാരുമാണ് മലബാറിലെ ക്ഷേത്ര ഭരണം കൈയ്യാളുന്നത്. മറ്റ് മേഖലകളിൽ നടപ്പിലാക്കിയ 3 ശമ്പളപരിഷ്കരണം മലബബാർ ദേവസ്വം ജീവനക്കാർക്ക് നഷ്ടപ്പെട്ടു.

2019 മുതൽ പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം, വരുമാനമുള്ള ക്ഷേത്രങ്ങളിൽ മാത്രമാണ് സർക്കാർ നടപ്പിലാക്കിയത്. തൊഴിലാളി വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായ നടപടികളാണ് മലബാർ ദേവസ്വത്തിൽ സർക്കാർ സ്വീകരിച്ചു വരുന്നത്.

ഈ സാഹചര്യത്തിൽ തുല്യ നീതി നടപ്പിലാക്കണമെന്ന സുപ്രീം കോടതി ശരിവെച്ച ഹൈക്കോടതി വിധി 29 വർഷം പിന്നിട്ടിട്ടും നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചാണ് കോടതി വിധിയുടെ 21-ാം വാർഷികദിനത്തിൽ ക്ഷേത്ര ജീവനക്കാർ നിരാഹാരസത്യാഗ്രഹം നടത്തുന്നത്. ജൂലായ് 20 ന് ഉച്ചക്ക് 1 മണി മുതൽ 21 ന് ഉച്ചക്ക് 1 മണി വരെയാണ് സമരം. സംയുക്തമരസമിതിയുടെ നേതൃത്വത്തിൽ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ബുധനാഴ്ചകളിൽ നടത്തി വരുന്ന അനിശ്ചിത കാല ധർണ്ണാ സമരം 3 മാസമായി ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

## ഏക സിവിൽ കോഡ് ഇന്ത്യയുടെ ഭരണഘടനാ മൂല്യങ്ങൾ തകർക്കും: വിസ്ഡം വനിതാ സമ്മേളനം

കോഴിക്കോട്: ഏക സിവിൽ കോഡ് ഇന്ത്യയുടെ ഭരണഘടനാ മൂല്യങ്ങൾ തകർക്കുമെന്നും രാജ്യത്തെ ജനങ്ങളെ വിഭജിക്കലാണ് ഏക സിവിൽ കോഡ് പ്രഖ്യാപനത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ലക്ഷ്യംവയ്ക്കുന്നതെന്നും വിസ്ഡം ഇസ്ലാമിക് വിമൻസ് ഓർഗനൈസേഷൻ ജില്ലാ വനിതാ സമ്മേളനം അംഗീകരിച്ച പ്രമേയം വ്യക്തമാക്കി.

പൊതു തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി, സമൂഹത്തിൽ ആശയക്കുഴപ്പമുണ്ടാക്കി വോട്ട്നേടുക എന്ന ലക്ഷ്യം തകർക്കാൻ മതനിരപേക്ഷ സമൂഹം ഒന്നിച്ച് പോരാടണമെന്നും വിസ്ഡം വനിതാ സമ്മേളനം ആഹ്വാനം ചെയ്തു. വ്യക്തിനിയമങ്ങൾ ദൈവിക നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണെന്നിരിക്കെ, അതിന്മേൽ കൈ കടത്താനുള്ള നീക്കം മതേതര സമൂഹം ചെറുത്ത് തോൽപിക്കും. ഇസ്ലാമിക ശരീഅത്ത് കാലാനുസൃതവും സ്ത്രീപക്ഷവുമാണെന്നിരിക്കെ അനാവശ്യ വിവാദങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങൾ വിലപ്പോകില്ലെന്നും വിസ്ഡം വിമൻസ് ചൂണ്ടിക്കാട്ടി.

കോഴിക്കോട് എം.എസ്.എസ് ഓഡിറ്റോറിയത്തിൽ നടന്ന ജില്ലാ വനിത സമ്മേളനം വിസ്ഡം വുമൺ സംസ്ഥാന പ്രസിഡന്റ് സഹറ സുല്ലമിയ്യ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എ.വി ഫാഹിസ അധ്യക്ഷത വഹിച്ച ശില്പശാലയിൽ സി.പി സലീം, സാദിക്ക് മദീനി, സുഹറ ടീച്ചർ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

വിസ്ഡം ഓർഗനൈസേഷൻ ജില്ലാ പ്രസിഡന്റ് വി.ടി ബഷീർ, യൂത്ത് വിംഗ് ജില്ലാ സെക്രട്ടറി എ.എം ജംഷീർ, സ്റ്റുഡന്റ്സ് വിംഗ് ജില്ലാ സെക്രട്ടറി സുഹൈൽ കല്ലായി, ഹഫ്സ എന്നിവർ ആശംസകൾ അർപ്പിച്ചു. പി.സി ജംഷീർ സമാപന പ്രസംഗം നടത്തി. വിസ്ഡം വുമൺ ജില്ലാ സെക്രട്ടറി നസീബ സിതാര സ്വാഗതവും ഹസീറ ബാനു നന്ദിയും പറഞ്ഞു.

## 'ആ കൈപിടിച്ചാണ് നടന്നതൊക്കെയും, എന്റെ എല്ലാമെല്ലാമായിരുന്ന സാറിന് വിട': ടി സിദ്ദിഖ്



അന്തരിച്ച മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ അനുസ്മരിച്ച് കോൺഗ്രസ് നേതാവ് ടി.സിദ്ദീഖ്. എന്റെ എല്ലാമെല്ലാമായിരുന്നു സാറിന് വിട എന്നാണ് ടി. സിദ്ദീഖ് ഫേസ്ബുക്കിൽ കുറിച്ചത്.' ഞങ്ങളെപ്പോലെയുള്ള പ്രവർത്തകന്മാരെ കണ്ടെത്തി അവരെ മുൻപോട്ട് കൊണ്ടുവരാൻ അത്ഭുതകരമായ നേതൃത്വം കൊടുത്ത വ്യക്തിയാണ് ഉമ്മൻചാണ്ടിയെന്നും ടി സിദ്ദിക്ക് പറഞ്ഞു.അദ്ദേഹത്തിന്റെ വിയോഗം പൊതുസാമൂഹ്യ മണ്ഡലത്തെ ഗൗരവമായി ബാധിക്കും. വല്ലാത്തൊരു അരക്ഷിതാവസ്ഥയാണ്. കേരളത്തിലെ കോൺഗ്രസ് പ്രവർത്തകന്മാർക്ക് അദ്ദേഹത്തെ വിയോഗം താങ്ങാൻ കഴിയട്ടെ എന്നും ടി സിദ്ദീഖ് പ്രതികരിച്ചു.

# അനുസ്മരിച്ച് നേതാക്കൾ

## നഷ്ടമായത് ജനകീയ അടിത്തറയുള്ള നേതാവിനെ; കുടുംബത്തെ ചേർത്തുപിടിച്ച് രാഹുലും സോണിയയും

ഡൽഹി : മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ വിടവാങ്ങലിലൂടെ നഷ്ടമായത് ജനകീയ അടിത്തറയുള്ള നേതാവിനെയെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. വിശാല പ്രതിപക്ഷ യോഗത്തിനായി ബംഗ്ലൂരുവിലുള്ള രാഹുൽ, ബംഗ്ലൂരുവിൽ ഉമ്മൻചാണ്ടിയുടെ ഭൗതിക ശരീരം പൊതുദർശനത്തിന് വെച്ച കോൺഗ്രസ് നേതാവ് ടി ജോണിന്റെ വീട്ടിലെത്തി അന്ത്യോപചാരം അർപ്പിച്ചു. സോണിയ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുന ഖാർഗെ, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ അടക്കമുള്ള നേതാക്കളും രാഹുലിനൊപ്പം നേരിട്ടെത്തി അനുശോചനം അറിയിച്ചു. നേതാക്കളെ കണ്ട് വിതുമ്പിയ ഭാര്യ മറിയാമ്മയെയും മകളെയും രാഹുൽ ചേർത്തുപിടിച്ചാശ്വസിപ്പിച്ചു.



അന്ത്യോപചാരം അർപ്പിക്കാനെത്തിയ കോൺഗ്രസ് നേതാക്കളായ സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയും

ലോകത്തിന്റെ ഏത് കോണിലുമുള്ള മലയാളിക്ക് ആശ്വാസമായിരുന്നു ആ പേര്... സാന്ത്വനവും പ്രതീക്ഷയുമായിരുന്നു...

പോകാത്ത സ്ഥലവും കാണാത്ത ജനവുമുണ്ടാകില്ല... തീഷ്ണമായ രാഷ്ട്രീയ പരീക്ഷണങ്ങളിൽ അടിപതറാതെ ആ പുതുപ്പള്ളിക്കാരൻ ജ്വലിച്ച് നിന്നു. കീറൽ വീണ ഖദർ ഷർട്ടിന്റെ ആർഭാടരാഹിത്യമാണ് ഉമ്മൻ ചാണ്ടിയെ ആൾക്കൂട്ടത്തിന്റെ ആരാധനാപാത്രമാക്കിയത്. കയറിപ്പോകാനുള്ള ഏണിപ്പടികളായി ഉമ്മൻ ചാണ്ടി ഒരിക്കലും ജനത്തെ കണ്ടില്ല. അധികാരത്തിന്റെ ഉയരങ്ങളിൽ ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിച്ചതുമില്ല. അക്ഷരാർത്ഥത്തിൽ ഉമ്മൻ ചാണ്ടി ജനങ്ങൾക്ക് സ്വന്തമായിരുന്നു. ഉമ്മൻ ചാണ്ടിയെ പോലെ മറ്റൊരാളില്ല. കേരളത്തിന്റെ ജനനായകൻ യാത്രയായി. എന്റെ പ്രിയപ്പെട്ട ഉമ്മൻ ചാണ്ടി സാറിന് വിട'- പ്രതിപക്ഷ നേതാവ് വിഡി സതീശൻ.

വിട പറഞ്ഞ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ അനുസ്മരിച്ച് രാഷ്ട്രീയ കേരളം. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര മന്ത്രി വി മുരളീധരൻ, കെപിസിസി പ്രസിഡന്റ് കെ സുധാകരൻ, പ്രതിപക്ഷ നേതാവ് വിഡി സതീശൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ എന്നിവർ അനുശോചനം അറിയിച്ചു.

ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. കേരള രാഷ്ട്രീയത്തിലെ സൗമ്യ മുഖവും പരിണതപ്രജ്ഞനായ ഭരണാധികാരിയുമായ, രാഷ്ട്രീയ അതികായന്റെ നഷ്ടം നികത്താൻ ആകാത്തതാണ്. എന്നും എപ്പോഴും ജനങ്ങളോടൊപ്പം സഞ്ചരിച്ച അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി ഒരു പാഠപുസ്തകം തന്നെയാണ്.

അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. കുടുംബത്തിന്റെയും അനുയായികളുടെയും ദുഃഖത്തിൽ പങ്കുചേരുന്നു'- കേന്ദ്ര മന്ത്രി വി മുരളീധരൻ.

'സ്നേഹം' കൊണ്ട് ലോകം ജയിച്ച രാജാവിന്റെ കഥ ഇവിടെ അവസാനിക്കുന്നു. ജനനായകൻ ഉമ്മൻചാണ്ടി വിടവാങ്ങിയിരിക്കുന്നു ആദരാഞ്ജലികൾ'- കെപിസിസി അധ്യക്ഷൻ കെ സുധാകരൻ.

'ഉമ്മൻചാണ്ടി വിടവാങ്ങുകയാണ്. മുൻ കേരള മുഖ്യമന്ത്രിയും തലമുതിർന്ന കോൺഗ്രസ്സ് നേതാവും ദീർഘകാലം പുതുപ്പള്ളിയുടെ ജനപ്രതിനിധിയുമായ അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് കേരള രാഷ്ട്രീയത്തിലേക്ക് കടന്നു വരുന്നത്.

കക്ഷി രാഷ്ട്രീയത്തിനതീതമായ സൗഹൃദം എക്കാലവും കാത്തുസൂക്ഷിച്ച അദ്ദേഹം ഭരണ, രാഷ്ട്രീയ രംഗങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചാണ് കടന്നുപോകുന്നത്. അമ്പതാണ്ടുകളിലേറെക്കാലം കോൺഗ്രസിനെ അടയാളപ്പെടുത്തിയ രാഷ്ട്രീയ ധാരയാണ് ഉമ്മൻചാണ്ടിയുടെ വിയോഗത്തോടെ ഇല്ലാതാവുന്നത്. ഉമ്മൻചാണ്ടിക്ക് ആദരാഞ്ജലികൾ. അദ്ദേഹത്തിന്റെ വേർപാടിൽ രാഷ്ട്രീയ കേരളത്തിന്റെ അഗാധമായ ദുഃഖത്തോടൊപ്പം പങ്കുചേരുന്നു'- സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ.

മികച്ച ഭരണാധികാരിയും കോൺഗ്രസ്സിന്റെ ജനപ്രിയനേതാവുമായിരുന്നു ശ്രീ. ഉമ്മൻചാണ്ടി. എന്നും ജനങ്ങളുടെ ഇടയിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഊർജ്ജസ്വലതയോടെ ആറുപതിറ്റാണ്ടിലധികം അദ്ദേഹം പൊതുജീവിതത്തിൽ നിറഞ്ഞുനിന്നു.

അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അഗാധമായ ദുഖം രേഖപ്പെടുത്തുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു'- ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ.



## ബംഗ്ലൂരുവിൽ പ്രിയ നേതാവിനെ ഒരു നോക്ക് കാണാനെത്തിയത് നൂറുകണക്കിന് ആളുകൾ

തിരുവനന്തപുരം: അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഭൗതിക ശരീരം പൊതുദർശനത്തിന് വെച്ച ബംഗ്ലൂരുവിൽ പ്രിയ നേതാവിനെ ഒരു നോക്ക് കാണാനെത്തിയത് നൂറുകണക്കിന് ആളുകൾ. പൊതുദർശനത്തിന് ശേഷം ബംഗ്ലൂരുവിൽ നിന്നും ഭൗതിക ശരീരവും വഹിച്ചുള്ള എയർ ആംബുലൻസ് അൽപ്പസമയത്തിനുള്ളിൽ തിരുവനന്തപുരത്തേക്ക് കൊണ്ടുവരും. എയർ ആംബുലൻസ് ഏകദേശം ഒന്നരയോടെ മണിയോടെ തിരുവനന്തപുരത്തേക്കും എത്തും. തിരുവനന്തപുരത്തെ വസതിയായ പുതുപ്പള്ളി ഹൌസിലേക്കാണ് ഭൗതിക ശരീരം ആദ്യം കൊണ്ടുവരിക. ശേഷം ദർബാർ ഹാളിലേക്കും പിന്നീട് സെക്രട്ടറിയേറ്റിന് സമീപത്തുള്ള ഓർത്തഡോക്സ് ചർച്ചിലും കെപിസിസി ഓഫീസിലേക്കും എത്തിക്കും. ജഗതിയിലെ വീട്ടിലേക്ക് രാത്രി വീണ്ടും എത്തിക്കും. നാളെ രാവിലെ ഏഴിന് കോട്ടയത്തേക്ക് കൊണ്ടുപോകും. തിരുനക്കരയിൽ ആദ്യം മൈതാനത്ത് പൊതു ദർശനത്തിന് വെക്കും. പിന്നീട് വൈകുന്നേരം പുതുപ്പള്ളിയിലും നഗരം ചുറ്റി വിലാപ യാത്രയും നടക്കും. മറ്റന്നാൾ 2 മണിക്കാണ് സംസ്കാരം.

## ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കാൻ അനുവദിക്കണം

# പ്രധാനമന്ത്രിക്ക് കത്തയച്ച് പരിശീലകൻ ഇഗോർ സ്റ്റിമാച്ച്

ന്യൂഡൽഹി: ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ ഫുട്ബോൾ ടീമിനെ പങ്കെടുക്കാൻ അനുവദിക്കണമെന്ന് കത്തിലൂടെ ആവശ്യപ്പെട്ട് പരിശീലകൻ ഇഗോർ സ്റ്റിമാച്ച്. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും കേന്ദ്ര കായിക മന്ത്രി അനുരാഗ് ഠാക്കുറിനുമാണ് സ്റ്റിമാച്ച് കത്തെഴുതിയത്. ഇക്കാര്യം സ്റ്റിമാച്ച് ടിറ്ററിലൂടെ പങ്കുവെക്കുകയും ചെയ്തു.



കഴിഞ്ഞ നാലുവർഷമായി ദേശീയ ടീം കടുത്ത പരിശീലനത്തിലായിരുന്നുവെന്നും മികച്ച ചില നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചുവെന്നും കത്തിൽ സ്റ്റിമാച്ച് കുറിച്ചു. അണ്ടർ 23 ലോകകപ്പ് ക്വാളിഫയറുകളിലടക്കം ഗംഭീര പ്രകടനം കാഴ്ചവെച്ച ടീം ഏഷ്യൻ ഗെയിംസിലെ പങ്കാളിത്തം അർഹിക്കുന്നുണ്ടെന്നും കൂട്ടിച്ചേർത്തു. ഫുട്ബോളിൽ റാങ്കിങ്ങിൽ പിന്നിലുള്ള ടീമിന് മുൻനിര ടീമുകളെ പരാജയപ്പെടുത്താൻ കഴിയുമെന്ന് പറഞ്ഞ പരിശീലകൻ ഏഷ്യൻ ഗെിംസിൽ പങ്കെടുക്കാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടാണ് കത്ത് അവസാനിപ്പിച്ചത്.

നേരത്തേ ഏഷ്യൻ റാങ്കിങ്ങിൽ ആദ്യ എട്ട് സ്ഥാനങ്ങളിൽ വരുന്ന ഇനങ്ങളിൽ മാത്രം ഗെയിംസിൽ പങ്കെടുത്താൽ മതിയെന്ന് കേന്ദ്ര കായിക മന്ത്രാലയം നിലപാടെടുത്തതാണ് ഇന്ത്യൻ ഫുട്ബോൾ ടീമിന് തിരിച്ചടിയായത്. സ്റ്റിമാച്ചിന്റെ കീഴിൽ ഇന്ത്യൻ സംഘം തയ്യാറെടുപ്പ് നടത്തുന്നതിനിടയിലാണ് അപ്രതീക്ഷിതമായി കേന്ദ്ര കായിക മന്ത്രാലയം ഇത്തരത്തിൽ നിലപാടെടുത്തത്. നിലവിൽ ഏഷ്യൻ റാങ്കിങ്ങിൽ ഇന്ത്യൻ ഫുട്ബോൾ ടീം 18ാം സ്ഥാനത്താണ്.

ഈയിടെ ഇന്റർ കോണ്ടിനെന്റൽ കപ്പും സാഫ് കപ്പും നേടിയ ഇന്ത്യൻ ടീമിന്റെ യുവനിരയ്ക്ക് മികവ് തെളിയിക്കാനുള്ള പ്രധാന അവസരമാണ് ഏഷ്യൻ ഗെയിംസ്. സെപ്റ്റംബർ 23മുതലാണ് ഏഷ്യൻ ഗെയിംസ് ആരംഭിക്കുന്നത്.

## സാന്റിയാഗോ വഴിതെളിച്ചു മെക്സിക്കോയ്ക്ക് കിരീടം

ലോസ് ആഞ്ജലിസ്: കോൺകകാഫ് ഗോൾഡ് കപ്പ് ഫുട്ബോളിൽ കപ്പുയർത്തി മെക്സിക്കോ.

88-ാം മിനിറ്റിൽ പകരക്കാരൻ സാന്റിയാഗോ ജിമെനസ് നേടിയ ഗോളിലാണ് മെക്സിക്കോയുടെ കിരീടനേട്ടം. കിരീടപോരാട്ടത്തിൽ പാനമയെ തോൽപ്പിച്ചു (10). ടീമിന്റെ ഒമ്പതാം കിരീടമാണിത്.

എഡ്സൻ അൽവാരസ് നൽകിയ പന്തുമായി മൈതാനത്തിന്റെ മധ്യഭാഗത്തുനിന്ന് കുതിച്ചുകയറിയ സാന്റിയാഗോ രണ്ട് പ്രതിരോധനിരക്കാരേയും മറികടന്നാണ് പാനമ വലയിൽ പന്തെത്തിച്ചത്.



കിരീടവുമായി മെക്സിക്കോ ടീം

33-ാം മിനിറ്റിൽ ഹെൻറി മാർട്ടിൻസ് പാനമയുടെ വലയിൽ പന്തെത്തിച്ചിരുന്നെങ്കിലും വാർ പരിശോധനയിൽ ഓഫ്സൈഡായി. സെമിയിൽ മെക്സിക്കോ ജമൈക്കയെ തോൽപ്പിച്ചപ്പോൾ പാനമ അമേരിക്കയെ അട്ടിമറിച്ചാണ് മുന്നേറിയത്.

## സംസ്ഥാന ചലച്ചിത്ര പുരസ്കാര പ്രഖ്യാപനം മാറ്റിവച്ചു;

തിരുവനന്തപുരം: 2022 ലെ സംസ്ഥാന ചലച്ചിത്ര അവാർഡുകളുടെ പ്രഖ്യാപനം മാറ്റിവച്ചു. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അന്തരിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് രണ്ട് ദിവസത്തെ ദു:ഖാചരണം പ്രഖ്യാപിച്ചതിനെ തുടർന്നാണ് സംസ്ഥാന സംസ്ഥാന ചലച്ചിത്ര അവാർഡ് പ്രഖ്യാപനം മാറ്റിവച്ചത്. വെള്ളിയാഴ്ചയിലേക്കാണ് പ്രഖ്യാപനം മാറ്റിവച്ചത്.

ഗൗതം ഘോഷ് അധ്യക്ഷനായ ജൂറിയാണ് ഇത്തവണ സിനിമകൾ വിലയിരുത്തിയത്.



156 ചിത്രങ്ങളാണ് മത്സരത്തിനുണ്ടായിരുന്നത്. സിനിമകളുടെ എണ്ണം കൂടുതലായതിനാൽ ഇത്തവണയും ത്രിതലജൂറിയാണ് വിധി നിർണയിക്കുന്നത്. ഇതനുസരിച്ച്, പ്രാഥമികതലത്തിലെ രണ്ടുജൂറികൾ (ഉപസമിതികൾ) വിലയിരുത്തുന്ന സിനിമകളിൽ 30 ശതമാനം മാത്രമാണ് അന്തിമ ജൂറിക്ക് അയയ്ക്കുക. രണ്ടുജൂറിയുടെയും അധ്യക്ഷൻമാർ അന്തിമ ജൂറിയിലും ഉണ്ടാകും.

മമ്മൂട്ടി- ലിജോ ജോസ് ടീമിന്റെ നൻപകൽ നേരത്ത് മയക്കം, കുഞ്ചാക്കോ ബോബൻ നായകനായ ന്നാ താൻ കേസ് കൊട്, തരുൺ മൂർത്തി ഒരുക്കിയ സൗദി വെള്ളക്ക, പുഴു, അപ്പൻ അടക്കമുള്ള ചിത്രങ്ങളാണ് അവസാന റൗണ്ടിലുള്ളതെന്നാണ് സൂചന.



## ഫിജി സ്ട്രൈക്കർ റോയ് കൃഷ്ണയെ റാഞ്ചി ഒഡീഷ എഫ്.സി

ഭുവനേശ്വർ: ഫിജി സ്ട്രൈക്കർ റോയ് കൃഷ്ണയെ റാഞ്ചി ഒഡീഷ എഫ്.സി. ബംഗളൂരുവിൽ നിന്ന് ഒരു വർഷത്തെ കരാറിലാണ് താരം ഒഡീഷ എഫ്.സിയിൽ എത്തുന്നത്. പ്രതിഫലം സംബന്ധിച്ച് കാര്യങ്ങൾ ക്ലബ്ബ് പുറത്തുവിട്ടിട്ടില്ല. ബംഗളൂരു എഫ്.സിക്കായി 22 മത്സരങ്ങൾ റോയ് കൃഷ്ണ കളിച്ചു.ആറ് ഗോളുകളും സ്വന്തമാക്കി.

റോയ് കൃഷ്ണയുടെ സുവർണകാലം എടികെ മോഹൻ ബഗാനിലായിരുന്നപ്പോഴാണ് ( മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ്) എതിരാളികളുടെ ഗോൾ മുഖത്തേക്ക് ഇരച്ചെത്തുന്ന കൃഷ്ണ എന്നും തലവേദനയായിരുന്നു. 201920 സീസണിൽ കൊൽക്കത്ത കിരീടം നേടുമ്പോൾ റോയ് കൃഷ്ണയും ടീമിനൊപ്പമുണ്ടായിരുന്നു. 67 മത്സരങ്ങളാണ് റോയ് കൊൽക്കത്തക്കായി കളിച്ചത്, അടിച്ചുകൂട്ടിയത് 39 ഗോളുകളും.

അതേസമയം അവസാന സീസണിൽ വൻ ചലനങ്ങളൊന്നും സൃഷ്ടിക്കാൻ ഒഡീഷക്കായിരുന്നില്ല. ആറാം സ്ഥാനത്താണ് അവർ ഫിനിഷ് ചെയ്തത്. 20 മത്സരങ്ങളിൽ നിന്ന് ജയിക്കാനായതത് ഒമ്പത് എണ്ണത്തിൽ മാത്രം. വരും സീസണിൽ ഉയിർത്തെഴുന്നേൽക്കാനുള്ള ശ്രമത്തിലാണ് ഒഡീഷ. അതിനാലാണ് മുതൽക്കൂട്ടാവുന്ന തരത്തിലുള്ള കരാറുകൾക്ക് ഒഡീഷ മുതിരുന്നത്. ബ്രസീലിയൻ താരം ദിയാഗോ മൗറിഷ്യോയ്ക്കൊപ്പമാകും റോയ് കൃഷ്ണയുടെ കൂട്ട്. ഇരുവവരുടെയും നീക്കങ്ങളിലൂടെ കളം പിടിക്കാനാവുമെന്നാണ് ഒഡീഷ കണക്കുകൂട്ടുന്നത്.

## സച്ചിൻ സുരേഷ് ബ്ലാസ്റ്റേഴ്സിൽ തുടരും

കൊച്ചി: ഗോൾകീപ്പർ സച്ചിൻ സുരേഷ് കേരള ബ്ലാസ്റ്റേഴ്സിൽ തുടരും. 2026വരെയുള്ള കരാറിലാണ് സച്ചിൻ ഒപ്പുവെച്ചത്.

ഹീറോ സൂപ്പർ കപ്പിലായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ സീനിയർ ടീമിനൊപ്പം സച്ചിന് അവസരം ലഭിച്ചത്. നേരത്തെ കേരള സന്തോഷ് ട്രോഫി ടീമിലിടം നേടിയ സച്ചിൻ എഫ്.സി കേരളയിൽ നിന്നായിരുന്നു ബ്ലാസ്റ്റേഴ്സിലെത്തിയത്. യുവ ഗോൾ കീപ്പർ ഗിൽ ടീം വിട്ടതിനാൽ താരത്തിന് കൂടുതൽ അവസരങ്ങൾ ലഭിച്ചേക്കും.

## സ്പോർട്സ് ക്വോട്ട നിയമനം: മാനദണ്ഡം മാറ്റിയേക്കും

സംസ്ഥാന സർക്കാർ സർവീസിൽ സ്പോർട്സ് ക്വോട്ട നിയമനത്തിനു നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയേക്കും. ലോകകപ്പ്, ഒളിംപിക്സ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് തുടങ്ങിയവയിൽ മത്സരിച്ചവർക്കു മാത്രമേ ജോലിക്ക് അർഹതയുള്ളൂ എന്ന മാനദണ്ഡം ഇന്ത്യൻ ഫുട്ബോൾ ടീമിനു വേണ്ടി കളിച്ച മലയാളി താരങ്ങളായ റിനോ ആന്റോ, അനസ് എടത്തൊടിക എന്നിവർക്കു വരെ തിരിച്ചടിയാകുന്നത് കഴിഞ്ഞ ദിവസം മനോരമ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് ഇന്ത്യ ലോകനിലവാരത്തിലില്ലാത്ത ഫുട്ബോൾ പോലുള്ളവയുടെ കാര്യത്തിൽ ജോലിക്കുള്ള മാനദണ്ഡം പരിഷ്കരിക്കണമെന്നു സ്പോർട്സ് കൗൺസിൽ സർക്കാരിനോട് ശുപാർശ ചെയ്തിരിക്കുന്നത്. ഇത് അംഗീകരിച്ചേക്കും. നിലവിലുള്ള മാനദണ്ഡങ്ങൾ സ്പോർട്സ് കൗൺസിൽ നിർദേശിച്ചതല്ലെന്നും സർക്കാരിന്റെ വിജ്ഞാപനം അനുസരിച്ചാണ് നിയമന നടപടികൾ പുരോഗമിക്കുന്നതെന്നും മുൻ ദേശീയ ഫുട്ബോൾ ടീം ക്യാപ്റ്റൻ കൂടിയായ കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു.ഷറഫലി അറിയിച്ചു.

## രാഹുൽ ദ്രാവിഡിന് വിശ്രമം

ന്യൂഡൽഹി: ഇന്ത്യൻ ക്രിക്കറ്റ് ടീം പരിശീലകൻ രാഹുൽ ദ്രാവിഡിനും സപ്പോർട്ടിങ് സ്റ്റാഫ് സംഘത്തിനും ബി.സി.സി.ഐ വിശ്രമം അനുവദിച്ചു.

വെസ്റ്റ് ഇൻഡീസിൽ നടക്കുന്ന പരമ്പരക്ക് ശേഷമാകും ദ്രാവിഡും സംഘവും നാട്ടിലേക്ക് മടങ്ങുക. ദ്രാവിഡ് ആവശ്യപ്പെട്ടത് പ്രകാരമാണ് വിശ്രമം അനുവദിക്കുന്നത്.രണ്ട് ടെസ്റ്റുകളും മൂന്ന് ഏകദിനങ്ങളും അഞ്ച് ടി20യും അടങ്ങുന്ന വെസ്റ്റ് ഇൻഡീസ് പര്യടനത്തിലണിപ്പോൾ ഇന്ത്യൻ ടീം.



ദ്രാവിഡിനൊപ്പം ബാറ്റിങ് പരിശീലകൻ വിക്രം റാത്തോർ, ബൗളിങ് പരിശീലകൻ പരാസ് മാംബ്രെ എന്നിവർക്കും വിശ്രമം അനുവദിച്ചിട്ടുണ്ട്. വെസ്റ്റ് ഇൻഡീസ് പര്യടനത്തിന് ശേഷം നടക്കുന്ന അയർലൻഡ് പര്യടനത്തിൽ പുതിയ സംഘമായിരിക്കും ഇന്ത്യയെ പരിശീലിപ്പിക്കുക. ഓഗസ്റ്റ് 18 മുതൽ ഓഗസ്റ്റ് 23 വരെ നടക്കാനിരിക്കുന്ന അയർലൻഡ് പര്യടനത്തിന്റെ ചുമതല നാഷണൽ ക്രിക്കറ്റ് അക്കാദമിയിലെ പരിശീലകർ വി.വി.എസ് ലക്ഷ്മണൻ ഏറ്റെടുക്കും.

## കരാർ പുതുക്കുക, അല്ലെങ്കിൽ ക്ലബ് വിടുക'; എംബാപ്പെക്ക് അന്ത്യശാസനവുമായി പിഎസ്ജി

പാരിസ്: ട്രാൻസ്ഫർ അഭ്യൂഹങ്ങൾ നിലനിൽക്കെ ഫ്രഞ്ച് സൂപ്പർ താരം കിലിയൻ എംബാപ്പെക്ക് അന്ത്യശാസനം നൽകി പി.എസ്.ജി മാനേജ്മെന്റ്. ഭാവിയെ കുറിച്ച് തീരുമാനിക്കാൻ പത്ത് ദിവസത്തെ സമയമാണ് നൽകിയിരിക്കുന്നത്. കരാർ പുതുക്കുക, അല്ലെങ്കിൽ ക്ലബ് വിടുക എന്നതാണ് പി.എസ്.ജി സി.ഇ.ഒ നാസർ അൽ ഖലൈഫി നൽകിയ നിർദേശം.അഭ്യൂഹങ്ങൾക്കിടെ എംബാപ്പെ പി.എസ്.ജിയിലെത്തി പ്രീ സീസൺ പരിശീലനം തുടങ്ങിയിട്ടുണ്ട്. ക്ലബിൽ തുടരാനുള്ള തീരുമാനം താരം പുതിയ പരിശീലകൻ ലൂയിസ് എൻറിക്വെയെ അറിയിച്ചതായും കരാർ സംബന്ധിച്ച് ചൊവ്വാഴ്ച ചർച്ച നടക്കുമെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. തിങ്കളാഴ്ചയാണ് പി.എസ്.ജിയുടെ പരിശീലന ക്യാമ്പിന് എംബാപ്പെ എത്തിയത്. നെയ്മർ ഉൾപ്പെടെയുള്ള താരങ്ങളും എത്തിയിട്ടുണ്ട്. നെയ്മറും എംബാപ്പെയും ആലിംഗനം ചെയ്യുന്നതിന്റെ ദൃശ്യങ്ങളും പുറത്ത് വന്നു.

ചാമ്പ്യൻസ് ലീഗ് കിരീടം ലഭിക്കാതായതോടെയാണ് കരാർ പുതുക്കില്ലെന്ന് എംബാപ്പെ പി.എസ്.ജിയെ അറിയിച്ചത്. ഇതോടെ താരവും ക്ലബ് അധികൃതരും തമ്മിൽ ഉടക്കുകയും കരാർ പുതുക്കില്ലെങ്കിൽ ഈ സീസണിൽ തന്നെ വിൽക്കുമെന്ന് ക്ലബ് നിലപാടെടുക്കുകയും ചെയ്തു. കരാർ അവസാനിച്ച് ഫ്രീ ഏജന്റായി എംബാപ്പെയെ നഷ്ടമാകുന്നത് ഒഴിവാക്കാനാണ് പി.എസ്.ജിയുടെ ശ്രമം.

RNI No. 35157/10, Printer, Publisher and Cheif Editor P.T. Nizar, , Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.